പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1218

12.07.2016 ൽ മറുപടിക്ക്

## ഒറ്റപ്പാലം ഗതാഗതകുരുക്ക്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉണ്ണി | | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ഒറ്റപ്പാലം ടൗണിലെ രൂക്ഷമായ ഗതാഗതക്കുരുക്ക് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ അതു പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) & (ബി) | ഉണ്ട്. ഒറ്റപ്പാലം നഗരത്തിലെ ഗതാഗത കുരുക്കിന് പരിഹാരം ഉണ്ടാക്കുന്നതിന് കിഴക്കേഒറ്റപ്പാലം കാക്കത്തോട് പാലം, പാലോട് റോഡ്, സെൻഗുപ്ത റോഡ് എന്നിവ ചേർത്ത് 1855 മീറ്റർ നീളത്തിൽ (പാലക്കാട്-പൊന്നാനി റോഡ്, ഒറ്റപ്പാലം- പെരിന്തൽമണ്ണ റോഡുകൾ ബന്ധിപ്പിച്ച്) ഒരു ബൈപ്പാസ് റോഡ് നിർമ്മിക്കുന്നതിന് ഉദ്ദേശിച്ചിരുന്നു. ബൈപ്പാസ് റോഡ് നിർമ്മിക്കുന്നതിന് ഭരണാനുമതിയും ബൈപ്പാസ് റോഡ് നിർമ്മാണത്തിന് 17.4614 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിന് അനുമതിയും നൽകിയിരുന്നു. എന്നാൽ കിഴക്കേ ഒറ്റപ്പാലം പാലോട് റോഡ് നിവാസികളുടെ എതിർപ്പുമൂലം സ്ഥലം ഏറ്റെടുക്കുന്ന പ്രവൃത്തി തുടങ്ങുവാൻ സാധിച്ചില്ല. പാലക്കാട് കുളപ്പുള്ളി റോഡിൽ ഒറ്റപ്പാലത്തുള്ള കൈയേറ്റങ്ങൾ അളന്ന് തിട്ടപ്പെടുത്തി സ്ഥല മേറ്റെടുത്ത് പരമാവധി വീതി കൂട്ടുന്ന പ്രവൃത്തിക്ക് ഒറ്റപ്പാലം സബ് കളക്ടർ നടപടികൾ സ്വീകരിച്ചു |
| (ബി) | ഒറ്റപ്പാലത്തെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനായി നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ? | | |

| | | | |
|---|---|---|---|
| | | | വരുന്നു. അതോടൊപ്പം തന്നെ ഒറ്റപ്പാലം നഗരത്തിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിന് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കി അനുമതിക്കായി സമർപ്പിക്കുന്നതിന് 02.07.2016 ന് ഒറ്റപ്പാലം ആർ.ഡി.ഒ, സ്ഥലം എം. എൽ.എ എന്നിവരുടെ നേതൃത്വത്തിൽ കൂടിയ യോഗത്തിൽ തീരുമാനമെടുത്തിട്ടുണ്ട്. കൂടാതെ ഒറ്റപ്പാലം ടൗണിലെ അനധികൃത കയ്യേറ്റം ഒഴിപ്പിക്കുന്നതിനും റോഡിൽ പാർക്കിംഗ് നിരോധിച്ചും വഴിയോര കച്ചവടക്കാരെ ഒഴിപ്പിച്ചും വാഹനത്തിരക്ക് നിയന്ത്രിക്കുന്നതിന് പോലീസുദ്യോഗസ്ഥൻമാരെ ഡ്യൂട്ടിക്ക് നിയോഗിച്ചും ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ